(ഡി) പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് ആർ.ടി. മിഷൻ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്ത്, പ്രിന്റ് എടുത്ത് പൂരിപ്പിച്ച് FSSAI രജിസ്ട്രേഷൻ/ലൈസൻസ് പകർപ്പ് ഉൾപ്പെടെയുള്ള ആവശ്യമായ അനുബന്ധ രേഖകളോടെ ആർ.ടി. മിഷന്റെ ജില്ലാ ഓഫീസിലോ സംസ്ഥാന മിഷൻ ഓഫീസിലോ സമർപ്പിക്കേണ്ടതാണ്. ലഭിച്ച അപേക്ഷകളുടെ വെരിഫിക്കേഷനും യൂണിറ്റ് പരിശോധനയും കഴിഞ്ഞതിനുശേഷം ആർ.ടി. മിഷൻ യൂണിറ്റായി രജിസ്റ്റർ ചെയ്യുന്നതായിരിക്കും. രജിസ്റ്റർ ചെയ്ത യൂണിറ്റുകൾക്ക് നൽകുന്ന ലോഗിൻ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ച് ഓരോ യൂണിറ്റുകൾക്കും തങ്ങൾ നൽകുന്ന ഡിഷുകൾ, അതിന്റെ വില, അളവ്/എണ്ണം എന്നിങ്ങനെയുള്ള വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. വെബ്സൈറ്റ്, ബുക്കിംഗ് പ്ലാറ്റ്ഫോം എന്നിവ നിലവിൽ വരുന്നതോടെ സഞ്ചാരികൾക്ക് ഓൺലൈൻ ആയി ആവശ്യമായ ഭക്ഷണം ഓർഡർ ചെയ്യാവുന്നതാണ്.

**ക്ഷേത്രോപദേശക സമിതികളുടെ തെരഞ്ഞെടുപ്പും പ്രവർത്തനവും**

319 (2577) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളോടനുബന്ധിച്ച് നിയമാനുസൃതമായി രൂപീകരിക്കുന്ന അഡ്ഹോക്ക് കമ്മിറ്റികളെയും ഉപദേശക സമിതികളെയും തെരഞ്ഞെടുക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുമോ;

(ബി) വലിയ തുകകൾ പൊതുജനങ്ങളിൽനിന്നും പിരിച്ചെടുക്കുകയും വിനിയോഗിക്കുകയും ചെയ്യുന്ന പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വരവ് ചെലവ് കണക്കുകൾ ആഡിറ്റിന് വിധേയമാക്കുന്നതിനും നിലവിൽ സംവിധാനമുണ്ടോ; വിശദീകരിക്കുമോ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള എല്ലാ ക്ഷേത്രങ്ങളോടുമനുബന്ധിച്ചുള്ള ക്ഷേത്രോപദേശകസമിതികളുടെ തെരഞ്ഞെടുപ്പും പ്രവർത്തനങ്ങളും ജനാധിപത്യപരമാക്കുന്നതിനും ഈ സംവിധാനങ്ങളിലൂടെ നടക്കുന്ന സാമ്പത്തിക അഴിമതി നിയന്ത്രിക്കുന്നതിനും കുറ്റമറ്റ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) ഉപദേശക സമിതിയിലെ സ്ഥിരാംഗങ്ങൾ ഒഴികെയുള്ളവരെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് രജിസ്റ്റേർഡ് ഭക്തജനങ്ങളുടെ പൊതുയോഗം, പ്രസ്തുത യോഗത്തിന് ഒരാഴ്ച മുമ്പെങ്കിലും നോട്ടീസ് നൽകി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ വിളിച്ച് ചേർക്കുന്നതും യോഗത്തിൽവച്ച് പൊതുധാരണയുടെ/ സമവായത്തിന്റെ അടിസ്ഥാനത്തിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതുമാണ്. കൂടാതെ, നിശ്ചിത അംഗസംഖ്യയിൽ കൂടുതൽ പേരുകൾ നിർദ്ദേശിക്കപ്പെട്ടാൽ ക്ഷേത്രനടയിൽവച്ച് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ നറുക്കെടുപ്പ് നടത്തി നിശ്ചിത എണ്ണം അംഗങ്ങളെ തെരഞ്ഞെടുക്കുന്നതാണ്.

(ബി) ഉണ്ട്. ദേവസ്വങ്ങളിൽ നടക്കുന്ന ഏത് രീതിയിലുള്ള ധനസമാഹരണത്തിനും ബോർഡിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. കൂടാതെ, ദേവസ്വം ബോർഡ് സീൽ ചെയ്ത് നൽകുന്ന കൂപ്പണുകൾ ഉപയോഗിച്ച് മാത്രമേ ധനസമാഹരണം നടത്തുവാൻ സാധിക്കൂ. അപ്രകാരം ധനസമാഹരണം നടത്തിയശേഷം വരവ് ചെലവ് കണക്കുകൾ നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥയുണ്ട്. തുടർന്ന് അതത് സബ് ഗ്രൂപ്പ് ഓഫീസർ ടി കണക്കുകൾ പരിശോധിച്ച് ഉറപ്പുവരുത്തി ആഡിറ്റ് വിഭാഗത്തിന് കൈമാറുന്നതാണ്.

(സി) സാമ്പത്തിക അഴിമതി നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന അവസരങ്ങളിൽ ഉത്തരവാദികളായവർക്കെതിരെ കർശന നിയമ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ക്ഷേത്രോപദേശക സമിതികളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബൈലോ പരിഷ്കരണം സംബന്ധിച്ച നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**മണ്ഡല- മകരവിളക്ക് കാലത്തെ ശബരിമലയിലെ വരുമാനം**

320 (2578) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ മണ്ഡല-മകരവിളക്ക് കാലത്തെ ശബരിമലയിലെ വരുമാനം എത്രയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

ഈ മണ്ഡല-മകരവിളക്ക് കാലത്ത് 263,57,05,403 രൂപയാണ് വരുമാനമായി ലഭിച്ചിട്ടുള്ളത്. കാണിക്കയിനത്തിൽ ലഭിച്ചിട്ടുള്ള നാണയങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുന്ന നടപടി നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly